കട്ടനാട്ടിൽ പക്ഷിപ്പനി മനുഷ്യരിലേക്ക് പടരുന്നത് തടയാൻ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

പക്ഷികളെ കൊല്ലുന്നതും സംസ്കരിക്കുന്നതുമായ പ്രക്രിയകളിൽ ഏർപ്പെടുന്നവർക്ക് രോഗം പകരാതിരിക്കാനുള്ള പ്രതിരോധ മരുന്ന് വിതരണം ചെയ്തിട്ടുണ്ട്. ഇവരുടെ ആരോഗ്യപരിശോധനകൾ നിത്യേന നടത്തുന്നുണ്ട്.

രോഗനിയന്ത്രണത്തിന്റെ ഭാഗമായി പക്ഷികളെ കൊന്നൊടുക്കിയ ഒരു കി.മി. ചുറ്റളവിലും അതിന് പുറത്തുള്ള 9 കി.മി. ചുറ്റളവിലും മനുഷ്യരിലേക്ക് രോഗം വ്യാപിക്കുന്നുണ്ടോ എന്നറിയാനുള്ള രോഗനിരീക്ഷണ പ്രവർത്തനങ്ങൾ ഫീൽഡ് തലത്തിലും ആരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചും ചെയ്തുകൊണ്ടിരിക്കുന്നു. സംശയാസ്പദമായ രോഗലക്ഷണങ്ങളുള്ളവരുടെ തൊണ്ടയിലെ സ്രവം പരിശോധനയ്ക്കായി ഡൽഹിയിലെ എൻ.സി.ഡി.സി.-യിലേയ്ക്ക് അയയ്ക്കുന്നു.

അട്ടപ്പാടിയിലെ ശിശുമരണം

95 (2646) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിൽ ശിശുമരണങ്ങൾ ആവർത്തിച്ച് ഉണ്ടായിട്ടും ആരോഗ്യ വകുപ്പിന്റെ ഫലപ്രദമായ ഇടപെടൽ ആ മേഖലയിൽ ഉണ്ടാകാതെ പോയതിന്റെ ഉത്തരവാദിത്വം ആർക്കൊക്കെ ആണെന്ന് അന്വേഷണം നടത്തി കണ്ടെത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) അട്ടപ്പാടി മേഖലയിൽ ആദിവാസികൾക്കിടയിൽ ശിശുമരണം ക്രമാതീതമായി സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ട ഉടനെ തന്നെ സംസ്ഥാന ആരോഗ്യവകുപ്പ് ഫലപ്രദമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മുഴുവൻ ആരോഗ്യ ഉപകേന്ദ്രങ്ങളും അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കുകയും അധികമായി 28 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരെക്കൂടി ദേശീയ ആരോഗ്യമിഷൻ വഴി നിയമിച്ച് ഫീൽഡ്തല പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി. ഗർഭിണികൾക്കും അമ്മമാർക്കും കുഞ്ഞുങ്ങൾക്കും അയൺ ഫോളിക് ആസിഡ് വിതരണം, പ്രതിരോധ കുത്തിവയ്പ്പുകൾ, കുഞ്ഞുങ്ങൾക്കുള്ള വൈറ്റമിൻ-എ നൽകൽ എന്നിവ കാര്യക്ഷമമായി നടത്തിവരുന്നു. ഗുരുതരമായ പോഷകാഹാരക്കുറവുള്ള കുട്ടികളുടെ പരിചരണത്തിനായി 3 ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ, സി.എച്ച്.സി. അഗളി, പ്രാഥമികാരോഗ്യ കേന്ദ്രം പുതൂർ, ഷോളയൂർ എന്നിവിടങ്ങളിൽ പ്രവർത്തനം ആരംഭിച്ചത് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഇവിടെ പരിചരണം നൽകിയ കുട്ടികളുടെ തുടർ പരിചരണവും ചെറിയ പോഷകക്കുറവുള്ള കുട്ടികളുടെ പോഷണ പരിചരണവും നിരീക്ഷണവും ഫീൽഡ് തലത്തിൽ അംഗൻവാടികളുമായി ചേർന്ന് ആരോഗ്യപ്രവർത്തകർ ചെയ്തുവരുന്നുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി കഴിഞ്ഞ വർഷം പ്രത്യേക പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ ഗുരുതര പോഷണ കുറവുള്ള കുട്ടികൾ 299 ആയിരുന്നത് 62 (3-12-2014-ന്) ആയി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷം 31 ശിശുമരണങ്ങളാണ് പട്ടികവർഗ്ഗ വിഭാഗത്തിൽ ഉണ്ടായിട്ടുള്ളത്. ഈ വർഷം ഇതുവരെ 13 (3-12-2014 വരെ) മരണങ്ങളാണ് നടന്നിട്ടുള്ളത്.

അട്ടപ്പാടിയിലെ ആരോഗ്യ സ്ഥാപനങ്ങളിലേക്കായി ഡോക്ടർമാർ അടക്കമുള്ള 75 ജീവനക്കാരുടെ തസ്തികകൾ അധികമായി സൃഷ്ടിച്ച് ജീവനക്കാരെ നിയമിക്കുക വഴി ഇവയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ കഴിഞ്ഞു. കോട്ടത്തറ ആശുപത്രിയിൽ കൂടുതലായി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരടക്കം കൂടുതൽ ഡോക്ടർമാരെ നിയമിച്ചു. സോണോളജിസ്റ്റിന്റെ സേവനം ആഴ്ചയിലൊരിക്കൽ ലഭ്യമാക്കിക്കൊണ്ട് ഗർഭിണികളുടെ സ്കാനിംഗ് നടത്തിവരുന്നു. അഗളി സി.എച്ച്.സി. ഷോളയൂർ, ആനക്കട്ടി പി.എച്ച്.സി.കളിലും ആവശ്യത്തിന് ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. അട്ടപ്പാടി ബ്ലോക്കിൽ ആകെയുള്ള 43 തസ്തികകളിൽ താൽക്കാലികമായി നിയമിച്ചവരടക്കം 43 ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ട്. 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ സ്ഥിരമായി ആദിവാസി ഊരുകളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നുണ്ട്.

എൻ.ആർ.എച്ച്.എം. -ന്റെ ഭാഗമായുള്ള അട്ടപ്പാടി ആരോഗ്യപാക്കേജ് വഴി ആരോഗ്യ കേന്ദ്രങ്ങളുടെയും ഉപകേന്ദ്രങ്ങളുടെയും നവീകരണം, ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കൽ, ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ, നവ ജാത ശിശു പരിചരണ യൂണിറ്റ് തുടങ്ങിയവ ആരംഭിക്കുകയുണ്ടായി.

അഞ്ച് വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങളുടെയും ഗർഭിണികളുടെയും ആരോഗ്യ വിവരങ്ങൾ മോണിറ്റർ ചെയ്യാൻ ജാതക്-ജനനി എന്ന കമ്പ്യൂട്ടർ വൽകൃത പദ്ധതി നടന്നുവരുന്നു.

അട്ടപ്പാടി മേഖലയിൽ ദീർഘകാലം പ്രവർത്തിച്ച് പരിചയമുള്ള ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. പ്രഭുദാസിന്റെ സേവനം പൂർണ്ണമായും അട്ടപ്പാടിയിൽ ക്രമീകരിച്ചിട്ടുണ്ട്.

(ബി) അട്ടപ്പാടി മേഖലയിൽ ആദിവാസികൾക്കിടയിൽ ശിശുമരണം ക്രമാതീതമായി സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ട ഉടനെതന്നെ സംസ്ഥാന ആരോഗ്യ വകുപ്പ് ഫലപ്രദമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

ഡോക്ടർമാരുടെ ശമ്പളകുടിശ്ശിക

96 (2647) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.ആർ.എച്ച്.എം. ആയുഷ് പദ്ധതി പ്രകാരം ജോലി നോക്കിവരുന്ന ഡോക്ടർമാരുടെ ശമ്പള കുടിശ്ശിക നൽകാൻ നടപടി സ്വീകരിക്കാമോ ;

(ബി) എൻ.ആർ.എച്ച്.എം., ആയുർവേദ, ഹോമിയോ, സിദ്ധ ഡോക്ടർമാരുടെ ശമ്പളം വെട്ടിക്കുറച്ച നടപടി ഒഴിവാക്കി പഴയ നിരക്കിൽ ശമ്പളം നൽകുന്നതിന് നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) ശമ്പളകുടിശ്ശിക നൽകുന്നതിനാവശ്യമായ കേന്ദ്ര ഫണ്ട് ലഭ്യമാക്കുന്നതി ലേക്കായുള്ള ഒരു പ്രൊപ്പോസൽ 2014-15 ലേക്കുള്ള നാഷണൽ ആയുഷ് മിഷൻ (NAM)-ന്റെ State Annual Action Plan (SAAP)-ൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത തുക ലഭ്യമായാലുടൻ ഡോക്ടർ മാരുടെ ശമ്പള കുടിശ്ശിക നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly